ഉത്തരം

(എ) ഇക്കാര്യം പഠിച്ച് ശുപാർശകൾ സമർപ്പിക്കുവാനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സത്വരമായി പരിശോധിച്ചുവരുന്നു. കഴിയുംവേഗം നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

(ബി) ഫാം തൊഴിലാളികൾക്ക് ജീവിതനിലവാര സൂചിക അനുസരിച്ച് വേര്യബിൾ ഡി.എ. ആണ് നൽകിവരുന്നത്. ആയതിനാൽ ഡി.എ. ഇനത്തിൽ കുടിശ്ശിക ഒന്നുംതന്നെ നൽകുവാനില്ല.

123 (1089) സീഡ് ഫാം വികസിപ്പിക്കുന്നതിനുള്ള നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാം സംരക്ഷിക്കണമെന്ന ആവശ്യം സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സീഡ് ഫാമിനോട് ചേർന്ന് കിടക്കുന്ന സ്വകാര്യവ്യക്തിയുടെ 15 ഏക്കർ സ്ഥലം കൂടി ഏറ്റെടുത്ത് സീഡ് ഫാം വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാമിന്റെ നടുവിലായുള്ള സ്വകാര്യഭൂമി മണ്ണിട്ടു നികത്തി ഫാമിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനെതിരെ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫാമിന്റെ വികസനത്തിനായി പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) പരിശോധിച്ചുവരുന്നു.

124(1090) കൃഷി മേഖലയിലെ ഊർജ്ജിത യന്ത്രവൽക്കരണ നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിമേഖലയിൽ ഊർജ്ജിത യന്ത്രവൽക്കരണ നടപടിയുടെ ഭാഗമായി എന്തൊക്കെ യന്ത്രങ്ങളാണ് വിതരണം ചെയ്യുന്നത്;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര പവർ ടില്ലറുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര എണ്ണം ഗ്രാമപഞ്ചായത്തുകൾക്ക് നൽകി; സർവ്വീസ് സഹകരണ സംഘങ്ങൾക്ക് നൽകിയത് എത്ര;

(ഡി) ആവിണിശ്ശേരി ഗ്രാമപഞ്ചായത്തിന് ഒരു പവർടില്ലർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കോൾകൃഷി മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് അന്തിക്കാട് ബ്ളോക്ക് പഞ്ചായത്തിന് ഒരു കൊയ്ത്തുയന്ത്രം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പവർടില്ലറും മെതിയന്ത്രവുമാണ് വിതരണം ചെയ്തുവരുന്നത്.

(ബി) 1998-99 സാമ്പത്തികവർഷം 49 പവർ ടില്ലറുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഗ്രാമ പഞ്ചായത്തുകൾക്ക് 39 എണ്ണവും സർവ്വീസ് സഹകരണ സംഘങ്ങൾക്ക് ഒന്നും സർവ്വീസ് സഹകരണ ബാങ്കുകൾക്ക് മൂന്നും ഹരിജന ഗിരിജന സഹകരണ സംഘങ്ങൾക്ക് ആറും വീതം നൽകിയിട്ടുണ്ട്.

(ഡി) സാമ്പത്തിക ലഭ്യത അനുസരിച്ച് പരിഗണിക്കുന്നതാണ്.

(ഇ) സാമ്പത്തിക ലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

125 (1091) ഓണാട്ടുകര പ്രദേശത്തിന്റെ കാർഷിക പ്രശ്നങ്ങൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണാട്ടുകര പ്രദേശത്തിന്റെ കാർഷിക പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ കാർഷിക സർവകലാശാലയുടെ കായംകുളം ഗവേഷണകേന്ദ്രത്തിൽ ഒരുയോഗം ചേർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ യോഗത്തിൽ സംബന്ധിക്കേണ്ടിയിരുന്ന എം.എൽ.എ. മാർ ആരൊക്കെയാണ്;

(സി) കായംകുളം നെല്ല് ഗവേഷണകേന്ദ്രം പുനഃസംഘടിപ്പിക്കാൻ ആലോചനയുണ്ടോ;

(ഡി) ഓണാട്ടുകരയിലെ അതിക്കിഴാരി, ഞവര, എലിവാലൻ കാച്ചിൽ, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, കുടംപുളി തുടങ്ങിയ പരമ്പരാഗത കാർഷികവിളകൾ പുനഃസ്ഥാപിക്കാൻ സർവകലാശാലയും ഗവൺമെന്റും ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കായംകുളം നെല്ല് ഗവേഷണകേന്ദ്രം പുനർനാമകരണം ചെയ്യാൻ പരിപാടിയുണ്ടോ;

(എഫ്) ഓണാട്ടുകരയിൽ ജല നിർഗ്ഗമന മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്;

(ജി) ഓണാട്ടുകരയിലെ തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്താനുള്ള നടപടികൾ ഏവ;

LIBRARY ARCHIVES Kerala Legislative Assembly